തിരുവനന്തപുരം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) 6..7..2001 ൽ ഇ7-1628/2000 നമ്പരായി തൃശ്ശൂർ ഫോറസ്റ്റ് കൺസർവേറ്റർക്ക് അയച്ച കത്തിന്റെ പകർപ്പ്.

.....

സർ,

വിഷയം: ജീവനക്കാര്യം - തസ്തികമാറ്റം വഴിയുള്ള ഫോറസ്റ്റർമാരുടെ നിയമനം സംബന്ധിച്ച്.

സൂചന:

...

തസ്തികമാറ്റം വഴി ക്ലാർക്കുമാരിൽ നിന്നും ഫോറസ്റ്ററായി നിയമനം നൽകുന്നതു സംബന്ധിച്ച് പല സർക്കിളുകളിലും പല രീതിയിലുള്ള മാനദണ്ഡമാണ് വിദ്യാഭ്യാസയോഗ്യതയിൽ അവലംബിച്ചു കാണുന്നത്. ആയത് ശരിയായ നടപടി അല്ലായെന്നു കാണുന്നു. ആയതിനാൽ 27..2..90 വരെയുള്ള കാലയളവിൽ മിനിസ്റ്റീരിയൽ ജീവനക്കാർക്കായി മാറ്റിവച്ചിരിക്കുന്ന 10% ഫോറസ്റ്റർ തസ്തികയിലെ ഏതെങ്കിലും ഒഴിവുകൾ നികത്തപ്പെടാതെ കിടക്കുകയാണെങ്കിൽ ആ ഒഴിവുകൾ മാത്രം നികത്തുന്നതിന് 27..2..2000 നു മുൻപ് നിലനിന്നിരുന്ന സ്പെഷ്യൽ റൂളിലെ വിദ്യാഭ്യാസയോഗ്യത അടിസ്ഥാനമായി സ്വീകരിച്ചു നിയമനം നടത്താവുന്നതാണ്. മിനിസ്റ്റീരിയൽ ജീവനക്കാർക്കുണ്ടായിരുന്ന 10% തസ്തികമാറ്റം വഴിയുള്ള ഫോറസ്റ്റർ നിയമനം 31..1..98 മുതൽ പുന:സ്ഥാപിച്ചിരിക്കുകയും അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത പ്രീഡിഗ്രി ആയി ഉയർത്തിക്കൊണ്ടു സർക്കാർ താൽക്കാലിക ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ആ സാഹചര്യത്തിൽ 31..1..98 മുതൽ ഉണ്ടാകുന്ന ഫോറസ്റ്റർ തസ്തികയിലേയ്ക്ക് തസ്തികമാറ്റം വഴി ഫോറസ്റ്റർ ആകുന്നതിലേയ്ക്ക് പരിഗണിക്കപ്പെടുന്നതിന് പ്രീഡിഗ്രി അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയുള്ള മിനിസ്റ്റീരിയൽ ജീവനക്കാർക്കു മാത്രം നിയമനം നൽകേണ്ടതാണ്. 31..1..98 നു ശേഷം ഉണ്ടായ ഒഴിവുകളിലേയ്ക്ക് അടിസ്ഥാന യോഗ്യത എസ്.എസ്.എൽ.സി. മാത്രമുള്ള മിനിസ്റ്റീരിയൽ ജീവനക്കാരെ പരിഗണിച്ച് നിയമനം നൽകിയിട്ടുണ്ടെങ്കിൽ അവരുടെ നിയമനം അസാധുവും റദ്ദ് ചെയ്യപ്പെടുവാൻ ഇടയും ഉള്ളതിനാൽ അത്തരം നിയമനങ്ങൾ പുന:പരിശോധിച്ച് നിലവിലുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രം നിയമനം നടത്തേണ്ടതാണ്.

വിശ്വസ്തതയോടെ,

(ഒപ്പ്)

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)ക്കുവേണ്ടി

(ശരിപ്പകർപ്പ്)

സൂപ്രണ്ട്

ബി/